പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.56 29.06.2016-ൽ മറുപടിയ്ക്ക്

## കായികരംഗത്തെ വികസനം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.മുല്ലക്കര രത്നാകരൻ<br>ശ്രീ.ചിറ്റയം ഗോപകുമാർ<br>ശ്രീ.ആർ.രാമചന്ദ്രൻ<br>ശ്രീ.എൽദോ എബ്രഹാം | ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും<br>സ്പോർട്സും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് മികച്ച കായിക താരങ്ങളെ വളർത്തിയെടുക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ; | (എ) മികച്ച കായിക താരങ്ങളെ കണ്ടെത്തുന്നതിനും, ഓരോ കായികതാരങ്ങൾക്കും, അവരുടെ ഇഷ്ട കായിക ഇനത്തിൽ പ്രോത്സാഹനം നൽകുന്നതിനും, വിദഗ്ദ്ധ പരിശീലനം നൽകുന്നതിനും വേണ്ടി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു.<br>ഒളിമ്പിക് മെഡൽ ലക്ഷ്യമാക്കി അത്‌ലറ്റിക്സ് (എലൈറ്റ് അത്‌ലറ്റിക് ട്രെയിനിംഗ് സെന്റർ), വോളീബോൾ (ഹൈ പെർഫോമൻസ് ട്രെയിനിംഗ് സെന്റർ), സ്വിമ്മിംഗ് (Swimming Effort Training Programme in swimming (SET), ഫെൻസിംഗ് എന്നീ കായിക ഇനങ്ങളിൽ എലൈറ്റ് ട്രെയിനിംഗ് പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്.<br>കേരളത്തിലെ മികച്ച കായിക പ്രതിഭകളെ കണ്ടെത്തി അവരെ ഏഷ്യൻ/കോമൺവെൽത്ത്/ഒളിമ്പിക് എന്നീ രാജ്യാന്തര കായിക മത്സരങ്ങളിൽ മെഡൽ സാധ്യത ഉറപ്പാക്കുന്ന രീതിയിൽ വളർത്തി എടുക്കുക എന്നതാണ് എലൈറ്റ് സ്കീമിലൂടെ ലക്ഷ്യമിടുന്നത്. അന്തർദേശീയ നിലവാരത്തിലുള്ള കായികസൗകര്യങ്ങളും, പരിശീലനവും, താമസവും, ഭക്ഷണവും മറ്റ് ഉന്നതനിലവാരത്തിലുള്ള അനുബന്ധ സൗകര്യങ്ങളും പദ്ധതിയിൽ കായികതാരങ്ങൾക്ക് ലഭ്യമാക്കിവരുന്നു.<br>സ്വിമ്മിംഗിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള പരിശീലനം ലഭ്യമാക്കുന്നതിലേയ്ക്കായി വിദേശ പരിശീലകന്റെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. |

മികച്ച കായിക താരങ്ങളെ തെരഞ്ഞെടുത്ത് അവർക്ക് ഉന്നത പരിശീലനം ലക്ഷ്യമാക്കി കേരളാ സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ, വിവിധ ജില്ലകളിൽ വിവിധ കായിക ഇനങ്ങളിലായി 23 കേന്ദ്രീകൃത സ്പോർട്സ് ഹോസ്റ്റലുകൾ പ്രവർത്തിച്ചുവരുന്നു. കൂടാതെ സ്കൂൾ, കോളേജ് മാനേജ്മെന്റുകളുടെ സഹകരണത്തോടുകൂടി 56 കോളേജ് സ്പോർട്സ് ഹോസ്റ്റലുകളും 24 സ്കൂൾ സ്പോർട്സ് ഹോസ്റ്റലുകളും പ്രവർത്തിച്ചുവരുന്നു.

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന സ്പോർട്സ് ഹോസ്റ്റലുകളിലെ കായികതാരങ്ങൾക്ക് ആവശ്യമായ സ്പോർട്സ് കിറ്റ്, ട്രാക്ക് സ്യൂട്ട്, കായിക ഉപകരണങ്ങൾ എന്നിവ കൗൺസിലിൽ നിന്നും നൽകുന്നു. ഇവരുടെ താമസ, ഭക്ഷണ ചെലവുകളും, ചികിത്സാ ചെലവും കൗൺസിൽ വഹിച്ച്വരുന്നു. സംസ്ഥാന ടീമിനെ പ്രതിനിധീകരിച്ച് ദേശീയ, ദക്ഷിണ മേഖലാ മത്സരങ്ങളിൽ പങ്കെടുക്കുന്ന കായികതാരങ്ങൾക്ക് ട്രാക്ക് സ്യൂട്ടും, യൂണിഫോമും കൗൺസിൽ നൽകി വരുന്നുണ്ട്.

കൂടാതെ 14 ജില്ലകളിലായി വിവിധ കായിക ഇനങ്ങളിൽ 108 ഡേ ബോർഡിംഗ് സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. ഡേ ബോർഡിംഗ് സെന്ററുകളിലെ കായികതാരങ്ങൾക്ക് ലഘുഭക്ഷണത്തിനായി ഒരു ദിവസം 25 രൂപ നിരക്കിൽ ആഴ്ചയിൽ അഞ്ചു ദിവസവും, അത്യാവശ്യമുള്ള കായിക ഉപകരണങ്ങളും, കൗൺസിൽ നൽകി വരുന്നു.

(ബി) വിദേശ പരിശീലനം ലഭിച്ച എത്ര പേരുടെ സേവനം ഈ രംഗത്ത് കായികതാരങ്ങൾക്ക് ലഭിക്കുന്നുണ്ടെന്ന് വെളിപ്പെടുത്താമോ ;

(ബി) എലൈറ്റ് സ്വിമ്മിംഗ് സ്കീമിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള പരിശീലനം ലഭ്യമാക്കുന്നതിലേയ്ക്കായി വിദേശ പരിശീലകന്റെ സേവനം 2013 ആഗസ്റ്റ് മുതൽ 2014 ആഗസ്റ്റ് വരെ ലഭ്യമാക്കിയിരുന്നു. കൂടാതെ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിലുള്ള ഒരു ഫുട്ബോൾ പരിശീലകനും, രണ്ട് അത്‌ലറ്റിക്സ് പരിശീലകർക്കും, വിദേശ പരിശീലനം ലഭിയ്ക്കുകയും, ടിയാനിൽ നിന്നും വിദഗ്ദ്ധ സേവനം കായിക താരങ്ങൾക്ക് ലഭിച്ച് കൊണ്ടിരിയ്ക്കുകയുമാണ്.

(സി) കായികതാരങ്ങൾക്ക് ഉപയോഗിക്കുവാൻ കഴിയുന്ന സ്റ്റേഡിയങ്ങളും, ട്രാക്കുകളും, മറ്റ് സംവിധാനങ്ങളും ഉപയോഗശൂന്യമായി കിടപ്പുണ്ടോ ; ഉണ്ടെങ്കിൽ അവ പുനരുദ്ധരിച്ച് ഉപയോഗപ്രദമാക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ :

(സി) കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ അധീനതയിലുള്ള സ്റ്റേഡിയങ്ങളോ, ട്രാക്കുകളോ, മറ്റു സംവിധാനങ്ങളോ, ഉപയോഗശൂന്യമായി കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അവിടെയെല്ലാം കായിക താരങ്ങൾക്ക് പരിശീലനം നൽകി വരുന്നു.

(ഡി) കായികരംഗത്ത് നിലനിൽക്കുന്ന അഴിമതികൾ അവസാനിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ?

(ഡി) കായികവകുപ്പിൽ നിന്ന് നൽകുന്ന ധനസഹായം മുതലായവ അർഹരായവർക്ക് ലഭിച്ചിരുന്നു എന്ന് ഉറപ്പുവരുത്തുക, അനുവദിക്കുന്ന തുക കൃത്യമായി കായിക ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനുമായി കൃത്യമായ monitoring system നടപ്പിലാക്കും. കായിക അസോസിയേഷനുകളുമായി ബന്ധപ്പെട്ടതും കോച്ചുമാർക്കെതിരെയുള്ള പരാതികളും ഗൗരവത്തോടുകൂടി പരിശോധിക്കുകയും, കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുകയും ചെയ്യുക, കൂടാതെ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ ഇന്റേണൽ ആഡിറ്റ് സംവിധാനം ശക്തിപ്പെടുത്തും, എ.ജി.ആഡിറ്റ്, ലോക്കൽ ഫണ്ട് ആഡിറ്റ് എന്നിവയിൽ എല്ലാ വർഷവും നടത്തിയിട്ടുള്ള ശിപാർശകൾ കർശനമായി നടപ്പിലാക്കും.

ഒരു കൺകറന്റ് ഓഡിറ്റ് സംവിധാനം രൂപപ്പെടുത്താൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നു.

Manj M

**സെക്ഷൻ ഓഫീസർ**